LIBRARY ARCHIVES Kerala Legislative Assembly

കൂട്ടനാട്ടിലെ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണ പുരോഗതി

46 (795) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് കൂട്ടനാട്ടിൽ നടപ്പാക്കിവരുന്ന വിവിധ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണ പുരോഗതി വെളിപ്പെടുത്താമോ;

(ബി) ഭരണാനുമതി ലഭിച്ചത്, ടെക്നിക്കൽ അനുമതി ലഭിച്ചത്, ടെണ്ടർ നടപടികൾ പൂർത്തീകരിച്ചത് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ നിൽക്കുന്നത് തുടങ്ങിയ കൂട്ടനാട്ടിലെ വർക്കുകളുടെ നിലവിലെ സ്ഥിതി ഓരോ വർക്കും ഇനം തിരിച്ച് വ്യക്തമാക്കുമോ?

(എ&ബി) പൊതുമരാമത്ത് വകുപ്പ് കെ.എസ്.ടി.പി. വിഭാഗത്തിനുകീഴിൽ ആലപ്പുഴ - ചങ്ങനാശ്ശേരി, വിയപുരം - എടത്വാ എന്നീ റോഡ് നിർമ്മാണ പ്രവൃത്തികളാണ് നടന്നുവരുന്നത്. ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് നിർമ്മാണത്തിന്റെ ആദ്യഘട്ടം പുരോഗമിക്കുകയാണ്. 27-10-2020-ന് 649.76 കോടി രൂപയ്ക്ക് കരാർ ഒപ്പുവച്ച് പ്രവൃത്തി 31-12-2020-ന് ആരംഭിച്ചു. വിയപുരം-എടത്വാ റോഡ് നിർമ്മാണ പ്രവൃത്തി 3-3-2021-ന് 108.88 കോടി രൂപയ്ക്ക് കരാർ ഒപ്പുവച്ച് പ്രാരംഭ നടപടികൾ നടന്നുവരുന്നു. നിരത്ത്, പാലം വിഭാഗങ്ങളുടെയും കിഫ്ബിയുടെ കീഴിലുള്ള പ്രവൃത്തികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(സി) കൂട്ടനാട്ടിന്റെ ഭൂമിശാസ്ത്രപരമായ പരാധീനതകൾ കണക്കിലെടുത്ത് ഇവിടെ അനുവദിക്കുന്ന വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദീകരിക്കാമോ?

കൂട്ടനാട്ടിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പരിഗണിച്ച് മണ്ണ് പരിശോധനയ്ക്കുശേഷമാണ് പാലങ്ങളുടെ ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കുന്നത്. അപ്രോച്ച് റോഡ് കയർ ഭൂവസ്ത്രം ഉപയോഗിച്ചാണ് നിർമ്മിച്ചുവരുന്നത്. അപ്രോച്ച് റോഡ് താഴ്ന്നുപോകുന്ന സ്ഥിതിവിശേഷം ഒഴിവാക്കുന്നതിന് എംബാങ്ക്മെന്റ് ഫില്ലിംഗ് നടത്തി റോഡ് നിർമ്മിക്കുന്നതിനുപകരം ലാൻഡ് സ്പാനുകൾ നൽകുന്നതിൽ ശ്രദ്ധിക്കാറുണ്ട്. കൃത്യമായ ഇടവേളകളിൽ അലവോകന യോഗങ്ങളും മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലും അപഗ്രഥന യോഗങ്ങളും നടന്നുവരുന്നു.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.